LIBRARY ARCHIVES Kerala Legislative Assembly

ഔഷധ സസ്യത്തോട്ടം

246 (1990) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ സഞ്ജീവനി വനത്തിൽ ഇപ്പോൾ എത്ര തരം ഔഷധ സസ്യങ്ങൾ ഉണ്ട് എന്ന് അറിയിക്കാമോ; ഔഷധ സസ്യ തോട്ടത്തിന്റെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) 2015-16-ലെ ബഡ്ജറ്റിൽ ടി തോട്ടത്തിന്റെ ആവശ്യത്തിലേക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; ഈ വർഷം കൂടുതൽ ഔഷധ സസ്യങ്ങൾ വച്ച് പിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുളത്തുപ്പുഴ സഞ്ജീവനി വനത്തിൽ ഇപ്പോൾ 200-ൽപ്പരം ഔഷധ സസ്യങ്ങളുണ്ട്. ഇതിന്റെ മേൽനോട്ട ചുമതല കൊല്ലം ജില്ലാ സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് കൺസർവേറ്റർക്കാണ്.

(ബി) 2015-16 വർഷത്തിൽ കുളത്തുപ്പുഴ സഞ്ജീവനി വനത്തിന്റെ പരിചരണത്തിനായി 2,65,000 രൂപയുടെ അടങ്കൽ അംഗീകരിച്ചിട്ടുണ്ട്. ഈ വർഷം കൂടുതൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു

തടിമില്ലുകൾക്ക് ലൈസൻസ്

247 (1991) ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടി മില്ലുകളുടെ ലൈസൻസ് പുതുക്കി നല്കാത്തത് മൂലം മില്ലുടമകൾ അനുഭവിക്കുന്ന വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം മില്ലുകളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് അനുകൂലമായി എന്തെങ്കിലും കോടതി വിധികൾ വന്നിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തടിമില്ലുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷകളിൽ നടപടി എടുക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽനിന്നും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം വരുത്താതെ ലൈസൻസ് പുതുക്കി നൽകാൻവേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന് എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും (ആതറൈസ്ഡ് ഓഫീസർ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച കോടതി വിധികൾ ഒന്നും വന്നിട്ടില്ല.

വനഭൂമി കയ്യേറ്റം

248 (1992) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ വനഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട് ഈ സർക്കാർ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) വനഭൂമി സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ ; എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു; ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) വനഭൂമി സംരക്ഷിക്കുന്നതിനും, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സ്വകാര്യ വ്യക്തികൾ വനഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട് 286 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ വിശദാംശം ചുവടെ ചേർക്കുന്നു:

ജില്ല	രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം
1	2
തിരുവനന്തപുരം	03
കൊല്ലം	14
പത്തനംതിട്ട	01